## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4003** **11.11.2019 - ൽ മറുപടിക്ക്.**

## കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ നമ്പോലംകുന്ന് പ്രദേശത്ത് പുതിയ റേഷൻ കട

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി.വി. ഇബ്രാഹിം :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| **(എ)** | റേഷൻ കടകളുടെ നവീകരണത്തിന് കട ഉടമകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | **(എ)** | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും കാലികമായ മാറ്റം വരുത്തുന്നതിനും, ഒരു ഏകീകൃത മാതൃക നൽകി റേഷൻകടകളെ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിനുമായി സംസ്ഥാനത്ത് നിലവിൽ സസ്പെന്റ് ചെയ്തിരിക്കുന്നതും, മറ്റ് കടകളുമായി കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്നതുമായ കടകളുമൊഴികെയുള്ള എല്ലാ റേഷൻകടകളും നവീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000/- രൂപ (മൂന്ന് കോടി അൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ചു. അംഗീകാരം റദ്ദ് ചെയ്യപ്പെട്ടതും ലൈസൻസി മരണപ്പെട്ട് പുനർ നിയമനം നടത്താത്തതും റേഷൻ വ്യാപാരം തുടർന്നും നടത്തുവാൻ താൽപ്പര്യം ഇല്ല എന്ന് അറിയിച്ചിട്ടുള്ളതുമായ റേഷൻ കടകൾ ഒഴികെയുള്ള 13029 റേഷൻകടകൾ, ഒരു റേഷൻ കടയ്ക്ക് 2500/- രൂപ നിരക്കിൽ 3,25,72,500/- രൂപ (മൂന്ന് കോടി ഇരുപത്തഞ്ച് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവഴിച്ച് നവീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| **(ബി)** പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച റേഷൻ കടകൾക്ക് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | **(ബി)** പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച റേഷൻ കടകൾക്ക് സാമ്പത്തിക സഹായം നൽകുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| **(സി)** പുതിയ റേഷൻ കട അനുവദിക്കുന്നതിനുള്ള അപേക്ഷ രീതി, മാനദണ്ഡം തുടങ്ങിയ കാര്യങ്ങൾ അറിയിക്കുമോ; | **(സി)** പുതിയ റേഷൻ കട അനുവദിക്കേണ്ട പ്രദേശത്തിന്റെ പ്രത്യേകത, റേഷൻ കടയുടെ ആവശ്യകത, ടി കടയിൽ വരാനുള്ള റേഷൻ കാർഡിന്റെ എണ്ണം എന്നിവ പരിഗണിച്ചു കൊണ്ട് സർക്കുലർ നമ്പർ ബി3/95/ഭ.പൊ.വി.വ തീയതി 16.11.1995 പ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായാണ് പുതിയ റേഷൻ കടകൾ അനുവദിക്കുന്നത്. ടി റേഷൻ കട സമീപത്തുള്ള റേഷൻ കടകളിലെ വ്യാപാരികളുടെ വരുമാനത്തിനെ ബാധിക്കുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതിയ റേഷൻ കടയിൽ കുറഞ്ഞത് 400 റേഷൻ കാർഡെങ്കിലും വേണമെന്ന് നിബന്ധനയുണ്ട്. |
| **(ഡി)** മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ നമ്പോലംകുന്ന് പ്രദേശത്ത് പുതിയ റേഷൻ കട തുടങ്ങണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | **(ഡി)** നമ്പോലംകുന്ന് പ്രദേശത്ത് പുതിയ റേഷൻ കട തുടങ്ങണമെന്ന ആവശ്യം പരിഗണനയിലില്ല. എന്നാൽ എ.ആർ.ഡി. നം. 6 ടി പ്രദേശത്തേക്ക് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് മലപ്പുറം ജില്ലാ സപ്ലൈ ഓഫീസർക്ക് കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസർ ശുപാർശ നൽകിയിരുന്നു. ആയതിനെതിരെ പരാതി ലഭ്യമായതിനാൽ വിശദമായ അന്വേഷണത്തിനുശേഷം നടപടി സ്വീകരിക്കുന്നതാണ്. |

***സെക്ഷൻ ഓഫീസർ***